ടെലിഫോൺ നമ്പർ : 2512524
പോസ്റ്റ് ബോക്സ് നമ്പർ : 5430
ഫാക്സ് : 0471-2305891
പിൻ കോഡ് - 695 033

ഇ-മെയിൽ: secretary@niyamasabha.nic.in

# കേരള നിയമസഭാ സെക്രട്ടേറിയറ്റ്

നം. 66/എച്ച്.കെ.ബി2/2024/നി.സെ. (വാല്യം-1)

തിരുവനന്തപുരം,
10.09.2024.

## ക്വട്ടേഷൻ നോട്ടീസ്

നിയമസഭ സെക്രട്ടേറിയേറ്റിന്റെ ആവശ്യത്തിലേക്കായി അനുയോജ്യമായതും ഈടും ഗുണമേന്മയും അടുക്കി വയ്ക്കാൻ സൗകര്യപ്രദവുമായ 100 പ്ലാസ്റ്റിക് കസേരകൾ (Armrest Chair) ലഭ്യമാക്കുന്നതിനായി കരാറിൽ ഏർപ്പെടുവാൻ താല്പര്യമുള്ള വ്യക്തികൾ / സ്ഥാപനങ്ങളിൽ നിന്നും ക്വട്ടേഷനുകൾ ക്ഷണിക്കുന്നു.

മുദ്ര വച്ച ക്വട്ടേഷനുകൾ 20.09.2024 -ന് വൈകിട്ട് 3.00 മണിക്ക് മുമ്പായി അണ്ടർ സെക്രട്ടറി (ഹൗസ്കീപ്പിംഗ്), നിയമസഭ സെക്രട്ടേറിയറ്റ്, തിരുവനന്തപുരം എന്ന വിലാസത്തിൽ എത്തിക്കേണ്ടതാണ്. ക്വട്ടേഷനുകൾ അന്നേദിവസം തന്നെ വൈകിട്ട് 3.30 മണിക്ക് ക്വട്ടേഷനിൽ പങ്കെടുക്കുന്ന സ്ഥാപനങ്ങളുടെ പ്രതിനിധികളുടെ സാന്നിധ്യത്തിൽ തുറക്കുന്നതാണ്. ക്വട്ടേഷനുകൾ തുറന്നുപരിശോധിക്കുന്ന ദിവസം അവധിയാണെങ്കിൽ തൊട്ടടുത്ത പ്രവൃത്തി ദിവസം ആയത് തുറന്നുപരിശോധിക്കുന്നതാണ്. ക്വട്ടേഷനുകൾ ഉള്ളടക്കം ചെയ്ത കവറിന് പുറത്ത് നിയമസഭ സെക്രട്ടേറിയറ്റിന്റെ ആവശ്യത്തിലേക്ക് "പ്ലാസ്റ്റിക് കസേരകൾ (Armrest Chair) ലഭ്യമാക്കുന്നതിനുള്ള ക്വട്ടേഷൻ" എന്ന് രേഖപ്പെടുത്തേണ്ടതാണ്. നിശ്ചിത സമയപരിധിക്കുള്ളിൽ ലഭിക്കാത്ത ക്വട്ടേഷനുകൾ സ്വീകരിക്കുന്നതല്ല. മേൽപരാമർശിച്ചിട്ടുള്ള സാധനങ്ങൾ ലഭ്യമാക്കുന്നതിന് ആവശ്യമായ പരമാവധി സമയം ക്വട്ടേഷനിൽ സൂചിപ്പിക്കേണ്ടതാണ്. ക്വാട്ട് ചെയ്യുന്ന റേറ്റ് എല്ലാ ചെലവുകളും ഉൾപ്പെടെ ആയിരിക്കണം. മേൽ സൂചിപ്പിച്ച വിഷയങ്ങളുമായി ബന്ധപ്പെട്ട കൂടുതൽ വിവരങ്ങൾക്ക് ഹൗസ്കീപ്പിംഗ് വിഭാഗവുമായി (0471-2512632) ബന്ധപ്പെടേണ്ടതാണ്. ക്വട്ടേഷനുകൾ സ്വീകരിക്കുന്നതിനോ യാതൊരു കാരണവും വ്യക്തമാക്കാതെ നിരസിക്കുന്നതിനോ കേരള നിയമസഭ സെക്രട്ടറിക്ക് അധികാരമുണ്ടായിരിക്കുന്നതാണ്.

റ്റി. ജി. സിന്ധു,
അണ്ടർ സെക്രട്ടറി( ഹൗസ് കീപ്പിംഗ്),
സെക്രട്ടറിക്കു വേണ്ടി.